**GOVERNMENT OF KERALA**

**AGRICULTURE DEVELOPMENT**

**AND FARMERS WELFARE DEPARTMENT**

Principal Information Officer

Farm Information Bureau

Thiruvananthapuram

'Tender for Thrissur Pooram 2017

(Two Cover System)

Project Cost : Rs.3,00,000/-

Cost of Tender Form (Original) : 600+VAT

Cost of Tender Form (Duplicate) : 300+VAT

EMD : 2.5%

Last date of sale of Tender : 07/03/2017 11 AM

Receiving Tender upto : 07/03/2017 11.30 AM
(Technical and Financial Bid)

Opening of Tender : 07/03/2017 12 PM
(Technical Bid)

Opening of Tender : 07/03/2017 12.30 PM
(Financial Bid)

For more information contact the office of Principal Information Officer, Farm Information Bureau, Kowdiar -3 during office hours

Sd/-

Principal Information Officer
Farm Information Bureau
Thiruvananthapuram

PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar

**Copy to**:-

1) Director, Public Relations Department
2) Director, Agriculture Development and Farmers Welfare Dept.
3) Superintendent, Govt. Press, Thiruvananthapuram
4) FIB Notice Board
5) Agriculture Development and Farmers Welfare Dept. Notice Board
6) Principal Agriculture Officer, Thrissur

PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar
Thiruvananthapuram

നം. ജെ.477/17

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ.പി.ഒ.,
തിരുവനന്തപുരം-3
തീയതി : 10/02/2017.

## ലഘുദർഘാസ് പരസ്യം

കവടിയാറിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ഫാം ഇൻഫർമേഷൻ ബ്യൂറോ 2017 ഏപ്രിൽ 2 മുതൽ മേയ് 22 വരെ തൃശൂരിൽ നടക്കുന്ന തൃശൂർ പൂരത്തിന്റെ ഭാഗമായുള്ള എക്സിബിഷനിൽ പങ്കെടുക്കുന്നുണ്ട്. പ്രദർശനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പവലിയൻ നിർമ്മിക്കുന്നതിനും കമ നീയമായി മോടി പിടിപ്പിക്കുന്നതിനും അനുബന്ധജോലികൾ ചെയ്യുന്നതിനും മുദ്രവച്ച ദർഘാസുകൾ [illegible] പവലിയന്റെ / സ്റ്റാളുകളുകളുടെ നിർമ്മാണം ഏറ്റെടുത്ത് ചെയ്തിട്ടുള്ള പ്രഗത്ഭരിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ദർഘാസുകൾ ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും) മാതൃകയിലാണ് സ്വീകരിക്കുന്നത്. മേൽ സൂചിപ്പിച്ച ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും ആയവയുടെ പേരുകൾ പ്രസ്തുത കവറുകളുടെ മുകളിലായി രേഖപ്പെടുത്തി ഒരു കവറിലാക്കി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കവടിയാറിലുള്ള ഓഫീസിൽ നിന്നും പ്രവൃത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്.

| | | |
|---|---|---|
| അടങ്കൽ തുക | - | 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) |
| നിരതദ്രവ്യം | - | 7500/- രൂപ<br>(പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ,<br>ഫാം ഇൻഫർമേഷൻ ബ്യൂറോ,<br>കവടിയാർ. പി.ഒ, തിരുവനന്തപുരം-3 എന്ന<br>വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | | |
| അസ്സൽ | - | 600 + വാറ്റ് |
| ഡ്യൂപ്ലിക്കേറ്റ് | - | 300 + വാറ്റ് |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും, സമയവും | - | 07/03/2017 പകൽ 11 മണി വരെ |
| ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | - | 07/03/2017 പകൽ 11.30 മണി വരെ |
| ദർഘാസ് (ടെക്നിക്കൽ ബിഡ്) തുറക്കുന്ന തീയതിയും, സമയവും | - | 07/03/2017 പകൽ 12.00 മണി |
| ദർഘാസ് (ഫിനാൻഷ്യൽ ബിഡ്) തുറക്കുന്ന തീയതിയും, സമയവും | - | 07/03/2017 പകൽ 12.30 മണി |

## ടെണ്ടർ നോട്ട്

തൃശൂർപൂരം പവലിയന്റെയും സ്റ്റാളിന്റെയും നിർമ്മാണത്തിനുള്ള ആശയം നെല്ലാണ്. ഈ വർഷം നെൽവർഷമായി ആചരിക്കുന്നതിനാൽ ആയതിന്റെ പ്രാധാന്യം ചിത്രീകരിക്കുന്ന രീതിയിലായിരിക്കണം പവലിയൻ ഡിസൈൻ ചെയ്യേണ്ടത്. ഈ ആശയത്തിന്റെ അടിസ്ഥാനത്തിലുള്ള പവലിയൻ, സ്റ്റാൾ ഡിസൈനിന്റെ വിശദമായ 2 ഡി ഡ്രായിംഗും സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുക്കപ്പെടുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള 2 ഡി ഡ്രായിംഗിന്റെ സാങ്കേതിക മികവും ഗുണമേന്മയും ആകർഷണീയതയും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ തെരഞ്ഞെടുക്കുന്നത്.

## കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരന് ഈ മേഖലയിൽ കുറഞ്ഞത് 5 വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുണ്ടായിരിക്കണം. കൂടാതെ പവലിയൻ നിർമ്മാണം, സ്റ്റാൾ നിർമ്മാണം എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾക്കോ സർക്കാർ ഇതരസ്ഥാപനങ്ങൾക്കോ വേണ്ടി കുറഞ്ഞത് 5 ലക്ഷം രൂപയുടെ പ്രവൃത്തിയെങ്കിലും ചെയ്തിട്ടുള്ള ആളായിരിക്കണം. മേൽ സൂചിപ്പിച്ച ജോലിയുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ, എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

## ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ടെക്നിക്കൽ ബിഡിൽ കരാറുകാരന്റെ സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്താത്ത ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുന്നതല്ല. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന തേഖകൾക്കുള്ള ആധികാരികത പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ, മുൻപരിചയം തെളിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

2) കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം സ്റ്റാൾ ഡിസൈനിന്റെയും ലേ ഔട്ടിന്റെയും വിശദമായ 2 ഡി ഡ്രായിംഗ് സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് സ്റ്റാൾ വളരെ ആകർഷകവും വിജ്ഞാനപ്രദവുമായ രീതിയിൽ ആവശ്യമായ പ്രകാശബ്ദ സംവിധാനത്തോടെ ഒരുക്കേണ്ടതാണ്. പ്രസ്തുത സ്റ്റാൾ കൂടുതൽ ആകർഷകവും സമ്മാനാർഹമായ രീതിയിലും ഒരുക്കാൻ കരാറുകാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) സ്റ്റാൾ ഡിസൈന് ആവശ്യമായ ലോഗോയും മറ്റു വിവരങ്ങളും ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്നതാണ്. എന്നാൽ കരാറുകാരൻ സ്റ്റാൾ ഡിസൈനിംഗിനായി കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതും ആയത് പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസറുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്. കൂടാതെ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്ന് ലഭ്യമാക്കുന്ന ആശയങ്ങളും മറ്റ് മാതൃകകളും നിർബന്ധമായും പവലിയനിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) കരാറുകാരൻ സമർപ്പിക്കുന്ന 2 ഡി ഡ്രായിംഗിൽ 3 ഡി മോഡലുകൾ ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ പ്രത്യേകം മാർക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

## 2017 തൃശൂർപൂരം, ഫാം ഇൻഫർമേഷൻ ബ്യൂറോ പവിലിയന്റെ നിർമ്മാണ വ്യവസ്ഥകൾ

1) പവിലിയൻ 14 m x 14 m വിസ്താരത്തിലും മുൻവശം 7 മീറ്റർ ഉയരത്തിലുമാണ് നിർമ്മിക്കേണ്ടത്. മുൻവശം ചുവടെ എഴുതുന്ന വലിപ്പത്തിലും നിർദ്ദേശിക്കുന്ന സാധനങ്ങൾ ഉപയോഗിച്ചും കലാപരമായി നിർമ്മിക്കേണ്ടതാണ്.

2) ചിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുള്ള അലങ്കാരങ്ങളും മറ്റ് ഗ്രാഫിക് വർക്കുകളും പരിപൂർണ്ണമായി പ്രകൃതിദത്ത വിഭവങ്ങൾ കൊണ്ട് നിർമ്മിക്കേണ്ടതാണ്.

3) എല്ലാ ഭാഗവും ചിത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിറം അപക്സ് ഉപയോഗിച്ച് പെയിന്റ് ചെയ്യേണ്ടതാണ്.

4) അക്ഷരങ്ങൾ 3 സെ. മീ. കനത്തിലും 10 സെ. മീ. ഉയരത്തിലും തെർമോക്കോളിൽ കട്ട് ചെയ്ത് ഒട്ടിക്കണം.

5) പവിലിയന്റെ ഉൾവശം,മേൽത്തട്ട് എന്നിവ മേൽത്തരം തുണി ഉപയോഗിച്ച് ചെയ്യേണ്ടതാണ്.

6) ഓഫീസിൽ നിന്നും നൽകുന്ന ഫോട്ടോ പ്രിന്റുകൾ, മറ്റ് വിവരണങ്ങൾ എന്നിവ കലാപരമായി ഡിസൈൻ ചെയ്ത് ഉചിതമായ അളവിലുള്ള പ്രിന്റുകൾ തയ്യാറാക്കി പവിലിയനിൽ ഡിസ്പ്ലേ ചെയ്യേണ്ടതാണ്.

7) 75 സെ. മീ. പൊക്കത്തിലും 50 സെ. മീ. വീതിയിലും 2.5 മീ. വിസ്തൃതിയിലും ആർക്ക് കൗണ്ടർ നിർമ്മിച്ച് അതിൽ വച്ച് പൂട്ടുന്നതിനുള്ള സംവിധാനം ചെയ്യേണ്ടതാണ്.

8) പവിലിയന്റെ മധ്യഭാഗത്തായി 3 മീ ചതുരത്തിൽ 75 സെ. മീ. ഉയരത്തിൽ 5 സെ. മീ. പട്ടിയൽ കൊണ്ട് ഡിസൈൻ വേലി നിർമ്മിക്കുക. ഇതിനുള്ളിലായി 2½ മീ. ചതുരത്തിൽ 75 ഉയരത്തിലും പ്ലൈവുഡും പട്ടിയലും കൊണ്ട് എക്സിബിറ്റ്സ് വയ്ക്കുന്നതിനുള്ള ഒരു തട്ട് തയ്യാറാക്കി വശങ്ങൾ പ്ലൈവുഡ് കൊണ്ട് മറയ്ക്കേണ്ടതാണ്. ഈ തട്ടിന് മധ്യഭാഗത്തായി ഒരു മീ. ചതുരത്തിലും 1.5 മീ. പൊക്കത്തിലും മൂന്ന് തട്ടുകളോടുകൂടിയ ഷോക്കേസ് അക്രിലിക് ഷീറ്റുകൊണ്ടും അലുമിനിയം ഫ്രെയിം കൊണ്ടും മനോഹരമായി തയ്യാറാക്കേണ്ടതാണ്.

9) പവിലിയന്റെ പിൻഭാഗത്തായി കൃഷി വകുപ്പ് വിൽപ്പന കേന്ദ്രത്തിനായി 5 മീറ്റർ നീളത്തിലും 3.5 മീറ്റർ വീതിയിലുമുള്ള സ്റ്റാൾ മുകളിലും വശങ്ങളിലും വെള്ള തുണി തട്ടി പിടിപ്പിച്ച് തയ്യാറാക്കേണ്ടതാണ്. ഇതിൽ വിൽപ്പന വസ്തുക്കൾ വയ്ക്കുന്നതിനുള്ള പ്രദർശനത്തട്ടുകൾ അഞ്ചെണ്ണം പട്ടിയലും പ്ലൈവുഡും കൊണ്ട് നിർമ്മിച്ച് കളർ ചെയ്യേണ്ടതാണ്. വിൽപ്പനശാലക്കുവേണ്ടി 75 സെ. മീ. ഉയരത്തിലും 50 സെ. മീറ്റർ വീതിയിലും 5 മീ. നീളത്തിലും ഒരു കൗണ്ടർ നിർമ്മിക്കണം.

10) 3 m x 2 m അളവിലുള്ള ഒരു സ്റ്റോർ മുറി പവിലിയന്റെ പുറകിലായി തയ്യാറാക്കേണ്ടതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഓഡിയോ വിഷ്വൽ ഉപകരണങ്ങൾ, കമ്പ്യൂട്ടർ എന്നിവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇതിൽ ഒരുക്കേണ്ടതാണ്.

11) പവിലിയനുള്ളിൽ ആവശ്യമായ ഉയരത്തിൽ വുഡൻ പ്ലാറ്റ്ഫോമും നിർമ്മിക്കേണ്ടതാണ്. ആയതിൽ മേൽത്തരം കാർപെറ്റ് വിരിച്ച് തയ്യാർ ചെയ്യേണ്ടതാണ്.

12) പവിലിയനുള്ളിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി / ഫലവർഗ്ഗ തൈകൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ 30 ചെടിച്ചട്ടികളും (45 cm size) പോട്ടിംഗ് മിശ്രിതവും കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്.

13) പവിലിയനിലേയ്ക്കാവശ്യമായ എഴുത്ത് ബോർഡുകൾ (ഉദ്ദേശം 20 എണ്ണം 30 സെ.മീ.) നിർദ്ദേശാനുസരണം വിനൈൽ സ്റ്റിക്കറിൽ തയ്യാറാക്കി നൽകേണ്ടതാണ്.

14) പ്രദർശന കവാടത്തിന് അടച്ച് ഉറപ്പുള്ള വാതിലുകൾ സ്ഥാപിക്കേണ്ടതാണ്.

15) റിസപ്ഷൻ കൗണ്ടർ കമനീയമായി ചെയ്യേണ്ടതാണ്.

16) പവലിയനിൽ പ്രദർശിപ്പിക്കേണ്ടതിന് 40" LED T. V., D.V.D Player എന്നിവ കരാറുകാരൻ സജ്ജമാക്കേണ്ടതാണ്.

17) പ്രദർശന ഹാളിന് ആവശ്യമായ ലൈറ്റുകൾ, പ്ലഗ്ഗുകൾ, ഫാനുകൾ, എന്നിവ നിർദ്ദേശാനുസരണം ഘടിപ്പിക്കേണ്ടതാണ്.

18) പ്രദർശനം അവസാനിക്കുന്നതുവരെ പവലിയനിൽ ഉണ്ടാകുന്ന കേടുപാടുകൾ കരാറുകാരൻ സമയബന്ധിതമായി പരിഹരിച്ചുതരേണ്ടതാണ്.

19) പവലിയനിലെ ആവശ്യത്തിലേക്ക് 10 പ്ലാസ്റ്റിക് കസേരകൾ എക്സിബിഷൻ കാലയളവിൽ ലഭ്യമാക്കേണ്ടതാണ്.

20) പവിലിയന്റെ അളവിലും മാതൃകയിലും ഒഴിവാക്കാനാവാത്ത എന്തുമാറ്റങ്ങളും നിർദ്ദേശിക്കുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ഇതിനനുസരിച്ച് പവിലിയൻ പണികൾ പൂർത്തിയാക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

21) ദർഘാസ് വ്യവസ്ഥകളിൽ അനിവാര്യമായി വരുന്ന മാറ്റങ്ങൾ വരുത്തുന്നതിനും കാരണം കാണിക്കാതെ ദർഘാസുകൾ നിരസിക്കുന്നതിനുമുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

22) എല്ലാ പവിലിയൻ ജോലികളും റെന്റ് അടിസ്ഥാനത്തിലാണ് പൂർത്തിയാക്കേണ്ടത്.

23) സർക്കാർ ദർഘാസുകൾക്കുള്ള മറ്റ് വ്യവസ്ഥകൾ ഇതിനും ബാധകമായിരിക്കും.

Sd/

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar
Thiruvananthapuram-695003

FARM INFORMATION BUREAU ... THIRUVANANTHAPURAM-695 003